പതിമൂന്നാം കേരളനിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.896 8.03.2012 ലെ മറുപടിയ്ക്ക്

## മാവേലി സ്റ്റോർ ആരംഭിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | ശ്രീ.ഷിബു ബേബിജോൺ<br>(തൊഴിലും, പുനരധിവാസവും, ഭക്ഷ്യവും, പൊതുവിതരണവും, ഉപഭോക്തൃ സംരക്ഷണവും, രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നിലവിലുള്ള സിവിൽ സപ്ലൈസ് വകുപ്പ് സംരംഭങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) കൽപ്പറ്റ നിയോജക മണ്ഡലത്തിൽ സിവിൽ സപ്ലൈസ് വകുപ്പിനു കീഴിൽ നിലവിൽ 94 എ.ആർ.ഡി.കളും, 2 എ.ഡബ്യൂ.ഡി.കളും ഉണ്ട്. കൂടാതെ സപ്ലൈകോയുടെ കീഴിൽ രണ്ട് സൂപ്പർമാർക്കറ്റുകൾ, ആറ് മാവേലി സ്റ്റോറുകൾ, രണ്ട് മൊബൈൽ മാവേലി സ്റ്റോറുകൾ എന്നിവയും പ്രവർത്തിച്ചു വരുന്നു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത വകുപ്പുവഴി കൽപ്പറ്റ മണ്ഡലത്തിൽ പുതിയതായി ആരംഭിച്ച സംരംഭങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) മുട്ടിൽ എന്ന സ്ഥലത്ത് 14.6.2011 ന് പുതിയ മാവേലി സ്റ്റോർ ആരംഭിച്ചിട്ടുണ്ട്. |
| (സി) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ കോട്ടത്തറ ഗ്രാമപഞ്ചായത്ത് വെണ്ണിയോട് എന്ന സ്ഥലത്ത് ഒരു മാവേലിസ്റ്റോർ അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;<br>(ഡി) പ്രസ്തുത മാവേലിസ്റ്റോർ എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ? | (സി) & (ഡി) കോട്ടത്തറ ഗ്രാമപഞ്ചായത്തിലെ വെണ്ണിയോട് എന്ന സ്ഥലത്ത് പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനാവശ്യമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. സ്റ്റോറിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടികൾ തുടർന്നു വരുന്നു. |

സെക്ഷൻ ഓഫീസർ